# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(ഹാജർ : ശ്രീ എ.റ്റി.ജെയിംസ്, ഐഎഎസ്)*

പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം പിഒ, തിരുവനന്തപുരം- 695 033

**എൽആർഇ(2)- 700/2018** **തീയതി: 10-12-2018**

വിഷയം : ജീവനക്കാര്യം- കേരള റവന്യൂ സർവ്വീസ്- തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തിക - സ്ഥലംമാറ്റവും പ്രമോഷനും അനുവദിച്ച് ഉത്തരവാകുന്നു

വായന :
1) ജി.ഒ(പി)നം.853/80/ആർഡി തീയതി 16.06.1980
2) ജി.ഒ(പി)നം.58/2010/ആർഡി തീയതി 09.02.2010
3) 08.01.2018 ലെ കേരളാ ഗസറ്റ് നമ്പർ 31 ആയി പ്രസിദ്ധീകരിച്ച 30.12.2017ലെ എൽആർഇ(2)- 56300/17 നമ്പർ നോട്ടിഫിക്കേഷൻ
4) ഈ കാര്യാലയത്തിൽ നിന്നുള്ള 26-10-2018 ലെ എൽആർഇ(2)- 700/2018 നമ്പർ നടപടിക്രമം

കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന ചുവടെ ചേർത്ത തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരെ ഭരണപരമായ സൗകര്യാർത്ഥം അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ജില്ല | മാറ്റി നിയമിക്കുന്ന ജില്ല | റിമാർക്സ് |
|---|---|---|---|---|
| 1. | സുബോധ്കുമാർ.ബി.എസ് | മലപ്പുറം | തിരുവനന്തപുരം | |
| 2. | ഗീതാകുമാരി..കെ | കണ്ണൂർ | കോട്ടയം | |

**ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ലോവർ) ചേർന്ന് തയ്യാറാക്കി വായന(3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള നിലവിൽ കോട്ടയം ജില്ലയിൽ ജോലി ചെയ്ത് വരുന്ന ഡി.റ്റി/ജെ.എസ് റാങ്ക് നമ്പർ 4921 ആയ ശ്രീ വിജയൻ.റ്റി.എൻ എന്ന ജീവനക്കാരനെ കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന തഹസിൽദാർ തസ്തികയിലേക്ക് 36600-79200 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലയിലേക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

ടിയാൻ വായന(1),(2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള തുടർച്ചയായ 2 വർഷത്തിനുള്ളിലെ ഒരു വർഷക്കാലത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതും ടി നിരീക്ഷണ കാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും പൂർത്തിയാക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ ഓഫീസർമാർ ടിയാനെ ഒരു വർഷത്തെ നിരീക്ഷണകാലയളവിനുള്ളിൽ പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിർബന്ധമായും നിയോഗിക്കേണ്ടതും ട്രെയിനിംഗിന് നിയോഗിക്കാത്ത കാരണം കൊണ്ട് നിരീക്ഷണകാലം ദീർഘിപ്പിക്കേണ്ടി വരാൻ ഇടയാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന മുറയ്ക്ക് ടിയാൻ റിലിംഗ്വിഷ് ചെയ്യുന്ന പക്ഷം രേഖാമൂലം അപേക്ഷിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാ കലക്ടർ ആയത് അനുവദിക്കുന്ന പക്ഷം ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ ടി ജീവനക്കാരെ വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർറ്റിസി) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
**കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കലക്ടർ/ മേലധികാരി മുഖേന)

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ (സി) വകുപ്പ്, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
3) ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക്
4) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സിഎ
5) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
6) സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned by CamScanner